**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2452** **12-02-2024 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ മാലിന്യമുക്തം നവകേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | മാലിന്യമുക്തം നവകേരളം പദ്ധതിയുടെ ഭാഗമായി പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ തദ്ദേശസ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; | (എ) | പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം 1 - ആയി ചേ ർക്കുന്നു |
| (ബി) | മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ആദ്യഘട്ടം പൂർത്തീകരിക്കുന്നതിനായി മണ്ഡലത്തിലെ ഓരോ തദ്ദേശസ്ഥാപനങ്ങളും ഇതിനകം നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം നൽകുമോ? | (ബി) | പൂഞ്ഞാർ മണ്ഡലത്തിലെ ഓരോ തദ്ദേശസ്ഥാപനങ്ങളും ഇതിനകം നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം അനു ബന്ധം 2 - ആയി ചേ ർക്കുന്നു |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

<u>മാലിന്യമുക്തം നവകേരളം പദ്ധതിയുടെ ഭാഗമായി പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ</u>

**<u>എരുമേലി</u>**

നിലവിൽ പഞ്ചായത്ത് പരിധിയിലുള്ള ചില പ്രദേശങ്ങളിൽ മാലിന്യ കൂമ്പാരങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ആയത് നീക്കം ചെയ്തുവരുന്നു. മാലിന്യ സംസ്കരണ രംഗത്ത് പഞ്ചായത്ത് നേരിടുന്ന വലിയൊരു പ്രശ്നം ജനങ്ങൾ മാലിന്യം അലക്ഷ്യമായി വലിച്ചെറിയുന്നതാണ്. മാലിന്യ വിമുക്തമാക്കിയ സ്ഥലങ്ങളിൽ വീണ്ടും മാലിന്യം കൊണ്ട് നിക്ഷേപിക്കുന്നതും ആണ്. ഇതിനെതിരെയുള്ള പ്രവർത്തനങ്ങളും, പദ്ധതികളും പഞ്ചായത്ത് ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.
എരുമേലി ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേന നിലവിൽ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. ഇതിനായി ഹരിതസഹായ സ്ഥാപനമായ സോഷ്യൽ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനുമായി കരാറിൽ ഏർപ്പെട്ട് പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതേ തുടർന്ന് വാർഡുകളിലെ യൂസർഫീ കളക്ഷനിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. ഹരിതകർമ്മസേന ഇല്ലാത്ത വാർഡുകളിൽ ഹരിതകർമ്മസേനയെ നിയോഗിച്ചു.
മാലിന്യമുക്തം നവകേരളം പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് തലത്തിൽ 2023 മെയ് 18 ന് മെഗാ ക്യാമ്പയിൻ സംഘടിപ്പിച്ചു. 2024 മാർച്ച് 31 ഓടുകൂടി സംസ്ഥാനത്തെ മാലിന്യമുക്തമാക്കുന്നതിൽ വിവിധ പ്രവർത്തനങ്ങൾ എരുമേലി ഗ്രാമപഞ്ചായത്ത് ഏറ്റെടുത്തിട്ടുണ്ട്.
മാലിന്യ സംസ്കരണ പ്രവർത്തനങ്ങളെക്കുറിച്ച് കുട്ടികൾ ചർച്ച നടത്തി. പരിസ്ഥിതി സൗഹൃദ സന്ദേശങ്ങൾ മറ്റുള്ളവരിലേക്ക് കൈമാറി. മാലിന്യമുക്ത നവകേരളം നടപ്പിലാക്കുന്നതിന്റെ അവസാനഘട്ട പ്രവർത്തനമായി പഞ്ചായത്തിന്റെ 23 വാർഡുകളിൽ നിന്നും 100% യൂസർ ഫീസ് പിരിക്കുന്നതിനായി ഓരോ വാർഡിലും പഞ്ചായത്ത് സ്റ്റാഫിന് മേൽനോട്ട ചുമതല നൽകി. ഗ്രാമപഞ്ചായത്ത് തലത്തിൽ മൈക്ക് അനൗൺസ്മെന്റ് നടത്തി. 2024 ഫെബ്രുവരി 13, 14 തീയതികളിൽ വാർഡുകളിൽ നിന്ന് കുപ്പിച്ചില്ല്, ചെരിപ്പ്, ബാഗ്, തുടങ്ങിയവ കളക്ട് ചെയ്യുന്നതിന് തീരുമാനിക്കുകയും, മാലിന്യമുക്ത നവകേരളം ക്യാമ്പയിൻ-പൂഞ്ഞാർ നിയോജക മണ്ഡലം പ്രത്യേക കലണ്ടർ കളക്ഷൻ പരിശീലനം ഹരിതകർമ്മസേനയ്ക്ക് നൽകുകയും ചെയ്തു. 2024 ഫെബ്രുവരി 17 ഗ്രാമപഞ്ചായത്ത് തലത്തിൽ മെഗാ ക്ലീനിങ് ഡ്രൈവ് സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.
വീടുകളിലെ മാലിന്യ സംസ്കരണ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി വീടുകളിൽ മാലിന്യ സംസ്കരണ ഉപാധികളുടെ വിതരണം ജി-ബിൻ എന്ന പദ്ധതി നടന്നുവരുന്നു.

**കൂട്ടിക്കൽ**

ഹരിതകർമ്മസേന വഴി എല്ലാ വാർഡുകളിലെയും വീടുകളിലെയും സ്ഥാപനങ്ങളിലെയും യൂസർ ഫീ ഈടാക്കി അജൈവ മാലിന്യങ്ങൾ ശേഖരിച്ച് വരുന്നു. സ്ഥാപനങ്ങൾക്ക് ജൈവമാലിന്യ സംസ്കരണത്തിനായി ജീബിന്നുകൾ വിതരണം ചെയ്യുന്ന പദ്ധതി, പദ്ധതി വർഷത്തിൽ നടപ്പിലാക്കും. ഹരിതമിത്രം ആപ്പ് നടപ്പിലാക്കുന്നു. ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങൽ പദ്ധതി നടപ്പാക്കുന്നു. മെഗാ ക്ലീനിംഗ് നടത്തുന്നതാണ്.

**പൂഞ്ഞാർ തെക്കേക്കര**

പൊതുസ്ഥലങ്ങൾ വൃത്തിയാക്കി. ഹരിതകർമ്മസേനയുടെ കളക്ഷനും കവറേജും വർദ്ധിപ്പിച്ചു.

**മുണ്ടക്കയം**

മുണ്ടക്കയം ഗ്രാമപഞ്ചായത്തിൽ ശുചീകരണ പരിപാടികൾ സംഘടിപ്പിച്ചു .

**പാറത്തോട്**

പൊതുസ്ഥലങ്ങളിലും സ്ഥാപനങ്ങളിലും തീവ്ര ശുചീകരണ പരിപാടികള് നടത്തി.ഹരിതകർമ്മസേനയുടെ കവറേജ് വർദ്ധിപ്പിച്ചു. എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ചു പരിശോധനകളും നടപടികളും സ്വീകരിച്ചുവരുന്നു. ബൾക്ക് വേസ്റ്റ് ജനറേറ്റര്മാരുടെ യോഗം ചേർന്നു നിർദേശങ്ങൾ നല്കി. വാർഡുതല ശുചിത്വ സമിതികളുടെ പ്രവർത്തനം ഊർജ്ജിതമാക്കി. വാർഡ് തലത്തിലും പഞ്ചായത്ത് തലത്തിലും വൻ ജന പങ്കാളിത്തത്തോടെ ശുചിത്വ കൺവൻഷനുകൾ നടത്തി. പൊതു ജലാശയങ്ങൾ വൃത്തിയാക്കി. 3 സ്പോട്ടുകളിലായി സ്നേഹാരാമം പദ്ധതി നടപ്പിലാക്കി. കുട്ടികളുടെ ഹരിതസഭ നടത്തി.

**പൂഞ്ഞാർ**

ഹരിതകർമ്മസേന വഴി എല്ലാ വാർഡുകളിലെയും വീടുകളിലെയും സ്ഥാപനങ്ങളിലെയും യൂസർ ഫീ ഈടാക്കി അജൈവ മാലിന്യങ്ങൾ ശേഖരിച്ചു വരുന്നു. പൊതുസ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിന് ട്രാഷ് ബിന്നുകൾ വിതരണം ചെയ്യുന്ന പദ്ധതി 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹരിതമിത്രം ആപ്പ് നടപ്പിലാക്കുന്നു.ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങിയിട്ടുണ്ട്.

**കോരുത്തോട്**

കോരുത്തോട് ഗ്രാമപഞ്ചായത്തിൽ ഹരിതകർമ സേനയുടെ പ്രവർത്തനം വ്യാപിപ്പിക്കുകയും നൂറു ശതമാനം യൂസർ ഫീ കളക്ട് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. മാലിന്യം കൂടി കിടന്ന സ്ഥലങ്ങളിൽ നിന്നും അവ നീക്കം ചെയ്തു. MCF കളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചു. പൊതുജന പങ്കാളിത്തത്തോടെ പൊതു ഇടങ്ങൾ, പൊതു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ശുചീകരണം നടത്തി. വാർഡ് - പഞ്ചായത്ത് തലത്തിൽ കൺവെൻഷനുകൾ സംഘടിപ്പിച്ചു. 2024 ഫെബ്രുവരി 3 , 4 തീയതികളിൽ ചെരുപ്പ്, ബാഗ്, ചില്ല്, ഇ-മാലിന്യം തുടങ്ങിയ സാധനങ്ങൾ ശേഖരിക്കുന്നതിന് ക്യാമ്പ് സംഘടിപ്പിച്ചു. ഫെബ്രുവരി 17 നു മെഗാ ക്ളീനിംഗ് നടത്തുന്നതിന് തീരുമാനിച്ചു. ഗ്രീൻ പൂഞ്ഞാർ ക്ളീൻ പൂഞ്ഞാർ എന്ന ആശയം സാക്ഷാത്കരിക്കുന്നതിന് മാർച്ച് 31 നു മുൻപ് പ്രവർത്തനങ്ങൾ നടത്തുന്നതിനും തീരുമാനിച്ചു.

**തീക്കോയി**

തീക്കോയി ഗ്രാമപഞ്ചായത്തിൽ മാലിന്യമുക്തം നവകേരളമായി ബന്ധപെട്ട് നിലവിൽ 2024 ഫെബ്രുവരി മാസം 6,7 തീയതികളിൽ പ്രത്യേക കലണ്ടർ കളക്ഷന് നടത്തിവരുന്നു.ഹരിത കർമ്മ സേനയുടെ പ്രവർത്തനം പഞ്ചായത്ത് ഉടനീളം വ്യാപിപ്പിച്ചിട്ടുണ്ട്,യൂസർ ഫീ 100 ശതമാനം പൂർത്തീകരിക്കാൻ ഉള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഫെബ്രുവരി 17 ന് മെഗാ ക്ലീനിംഗ് നടത്തുന്നതാണ്. ഹരിത കർമ്മ സേനയ്ക്ക് വാഹനം വാങ്ങിക്കൽ ,ഹരിത ചെക്ക് പോസ്റ്റ് സ്ഥാപിക്കൽ, സി സി റ്റി വി സ്ഥാപിക്കൽ എന്നി പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്,കുട്ടികളുടെ ഹരിതസഭ, വ്യാപര വ്യവസായികളുടെ യോഗം,മാലിന്യ സംസ്കരണ ഒന്നാംഘട്ട അവലോകന യോഗം തുടങ്ങി മികച്ച ജനപങ്കാളിതമുള്ള യോഗങ്ങൾ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്.പൂഞ്ഞാർ നിയോജക മണ്ഡല പഞ്ചായത്ത് തല കൺവെൻഷൻ , വാർഡ് തല കൺവെൻഷൻ വിപുലമായ രീതിയിൽ സംഘടിപ്പിച്ചു. ക്ലീന് തീക്കോയി ഗ്രീന് തീക്കോയി എന്ന സന്ദേശം ഉയർത്തിക്കൊണ്ട് നടത്തിവരുന്ന മാലിന്യ നിർമ്മാർജന, സംസ്കരണ പ്രവർത്തനങ്ങൾ ഈ രംഗത്ത്,പഞ്ചായത്തിലുടനീളം മാലിന്യ നിർമ്മാർജനം നടത്തുന്നതിനും ശുചീകരണ രംഗത്ത് ജനങ്ങളുടെ മനോഭാവത്തിൽ പ്രകടമായ മാറ്റം വരുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്.

**തിടനാട്**

ക്ലീൻ പൂഞ്ഞാർ ഗ്രീൻ പൂഞ്ഞാർ -ശുചിത്വ സുന്ദര തിടനാട് എന്ന മുദ്രാവാക്യമുയർത്തി ചുവടെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കി

വാർഡുതല ശുചിത്വ ആരോഗ്യ സമിതികൾ പുനസംഘടിപ്പിച്ച് ആയതിന്റെ യോഗങ്ങൾ ചേർന്ന് ആക്ഷൻ പ്ലാൻ തയ്യാറാക്കി. വ്യാപാരി വ്യവസായി സംഘടന ഭാരവാഹികൾ, എൻ എസ് എസ് വോളൻറിയേഴ്സ് , പി റ്റി എ ഭാരവാഹികൾ , റെസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ, ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സ് എന്നിവരുടെ യോഗം ചേർന്ന് മാലിന്യ നിർമ്മാജന പ്രവർത്തനങ്ങൾ സംബന്ധിച്ച് ബോധവത്ക്കരണം നടത്തി. ഒരുമിക്കാം വൃത്തിയാക്കാം ക്യാമ്പയിന്റെ ഭാഗമായുള്ള ബോധവത്ക്കരണ നോട്ടീസ് വിതരണം നടത്തി. ക്യാമ്പയിന്റെ ഭാഗമായി ഉറവിട മാലിന്യ സംസ്കരണ ഉപാധികളില്ലാത്ത വീടുകളെ കണ്ടെത്തുന്നതിനുള്ള സർവ്വേ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. തിടനാട് ഗ്രാമപഞ്ചായത്തിലെ റോഡരികിലും, ജലാശയത്തിന് സമീപവുമുള്ള ഗാർബേജ് വർണറബിൾ പോയിൻറുകളിലെ മാലിന്യം നീക്കം ചെയ്തു. പഞ്ചായത്തുതല/വാർഡുതല ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. 14 വാർഡുകളും ശുചിത്വ വാർഡുകളായി പ്രഖ്യാപിച്ചു. തിടനാട് ഗ്രാമപഞ്ചായത്തിന്റെ എം സി എഫ് പ്രവർത്തനക്ഷമമാക്കി. എക്സ്റ്റെൻഷൻ പ്രവർത്തികൾ പൂർത്തീകരിച്ചു. സെഗ്രഗേറ്റഡ് മാലിന്യവും, ലെഗസി മാലിന്യവും സി.കെ.സി.എൽ ന് കൈമാറി. 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഇലക്ട്രിക്ക് വാഹനം വാങ്ങി ഹരിതകർമ്മ സേനയ്ക്ക് കൈമാറി. ഹരിതകർമ്മസേന അംഗങ്ങൾക്ക് സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കി. ഹരിതകർമ്മസേനാ അംഗങ്ങളിൽ 5 പേരെ റിസോഴ്സ് പേഴ്സൺമാരായി നിയമിച്ച് പരിശീലനം നല്കി. ഹരിതസഭ ചേർന്നു മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ പുരോഗതി വിലയിരുത്തി. അവലോകന റിപ്പോർട്ട് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കി. പൊതു സ്ഥലങ്ങളിലെ മാലിന്യ നിക്ഷേപം റിപ്പോർട്ട് ചെയ്യുന്നതിന് വാട്ട്സ് ആപ്പ് നമ്പർ, ഇ-മെയിൽ ഐ.ഡി. എന്നിവ പൊതു ജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധപ്പെടുത്തി. പാഴ് വസ്തു കലണ്ടർ കളക്ഷൻ നടത്തി.

**ഈരാറ്റുപേട്ട നഗരസഭ**

ഒറ്റത്തവണ നിരോധിത പ്ലാസ്റ്റിക് നിരോധനവുമായി ബന്ധപ്പെട്ട് മുനിസിപ്പൽ തല ക്യാമ്പയിൻ നടത്തുവാൻ തീരുമാനിച്ചു. ഗ്യാപ്പ് നികത്തുന്നതിനായി നഗരസഭയിലെ 2500 വീടുകളിലും ബയോബിൻ ഈ മാസം വിതരണം ചെയ്യും. ഹരിതകർമ്മ സേനയുടെ കളക്ഷനും കവറേജും വർധിപ്പിക്കും.

**അനുബന്ധം 2**

<u>മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ആദ്യഘട്ടം പൂർത്തീകരിക്കുന്നതിനായി പൂഞ്ഞാർ മണ്ഡലത്തിലെ ഓരോ തദ്ദേശസ്ഥാപനങ്ങളും ഇതിനകം നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം</u>

**എരുമേലി**

സർക്കാരിന്റെ നിർദ്ദേശപ്രകാരമുള്ള വൃത്തി-മാലിന്യമുക്ത നവകേരളം ക്യാമ്പയിന്റെ ഭാഗമായുള്ള അടിയന്തരഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി 2023 മാർച്ച് മുതൽ ജൂൺ 5 വരെയുള്ള കാലയളവിൽ എരുമേലി ഗ്രാമപഞ്ചായത്തിലും, മാലിന്യ സംസ്കരണ രംഗത്ത് നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. സർക്കാർ ഉത്തരവുകൾ പ്രകാരം വിവിധ മേഖലകളിൽ നിന്നുള്ള പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് സ്ഥാപനതലയോഗം സംഘടിപ്പിച്ചു, ഈ യോഗത്തിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നിരവധി നിർദ്ദേശങ്ങളും ആശയങ്ങളും ഉരുത്തിരിഞ്ഞു. ഇതേ തുടർന്ന് വാർഡ് തലങ്ങളിൽ വാർഡ് തല ആരോഗ്യ ശുചിത്വ സമിതി, ശുചിത്വ സ്ക്വാഡ് ക്ലസ്റ്റർ രൂപീകരണം, റിസോഴ്സ് പേഴ്സൺമാരുടെ നിയമനം, വിവരശേഖരണം ടീം എന്നിവയുടെ രൂപീകരണം നടന്നു. വാർഡ് സമിതിയുടെ നേതൃത്വത്തിൽ നടത്തിയ ശുചീകരണ പരിപാടികളിൽ വാർഡുകളിലെ ജനങ്ങളുടെ സഹകരണം വിലമതിക്കാനാകാത്തതാണ്. മാലിന്യ സംസ്കരണ രംഗത്ത് ഗ്യാപ്പ് ഫിൽ ചെയ്യുന്നതിന്റെ ഭാഗമായി നടത്തിയ ഗൂഗിൾ സർവേയിൽ പഞ്ചായത്തിലെ ജനപ്രതിനിധികൾ, ഹരിതകർമ്മസേന അംഗങ്ങൾ, സിഡിഎസ് എഡിഎസ്സ് അംഗങ്ങൾ, ആശാ പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവർ നല്ല രീതിയിൽ പങ്കെടുത്തു.
പഞ്ചായത്തിലെ എംസിഎഫ് ലഗസി വേസ്റ്റ് കുമഞ്ഞു കൂടിയിരുന്നു. ആയത് ഒരു പരിധിവരെ നീക്കം ചെയ്യുന്നതിന് പഞ്ചായത്തിന് സാധിച്ചു. മണ്ഡലത്തോട് അനുബന്ധിച്ച് എരുമേലി ഗ്രാമപഞ്ചായത്ത് പരിധിയിൽ മാലിന്യങ്ങൾ ഒരുപാട് സൃഷ്ടിക്കപ്പെട്ടു. ആയത് വേണ്ട രീതിയിൽ സംസ്കരണം നടത്തുന്നതിന് പഞ്ചായത്തിന് സാധിച്ചു. ഇതിൽ ഹരിതകർമ്മസേന അംഗങ്ങൾ വലിയ പങ്കു വഹിച്ചു. ഹരിത ചെക്ക് പോസ്റ്റുകൾ സ്ഥാപിച്ചു. മാലിന്യസംസ്ഥാന രംഗത്ത് ഹെൽത്ത് ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥരുടെയും, ആശാവർക്കർമാരുടെയും സേവനങ്ങൾ മികവുറ്റതാണ്. വിവിധതരത്തിലുള്ള ബോധവൽക്കരണ പരിപാടികളും, ക്യാമ്പയിനുകളും ഇതിനോടകം ഹെൽത്ത് ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥൻ നടത്തിയിട്ടുണ്ട്. മാലിന്യ മുക്ത നവകേരളം പദ്ധതിയുടെ പൂഞ്ഞാർ മണ്ഡലം പഞ്ചായത്ത് നടത്തിയ പ്രവർത്തനങ്ങളുടെ ഭാഗമായി 2023 നവംബർ 1 ന് മാലിന്യ മുക്ത നവകേരളം-പഞ്ചായത്ത് തല കൺവെൻഷൻ നടത്തി . 2023 നവംബർ 14 ന് കുട്ടികളുടെ ഹരിതസഭ എരുമേലി ഗ്രാമപഞ്ചായത്തിൽ വച്ച് നടത്തി. പഞ്ചായത്ത് പരിധിയിലുള്ള എട്ടോളം സ്കൂളുകളിൽ നിന്നുമായി അപ്പർ പ്രൈമറി, ഹൈസ്കൂൾ വിഭാഗം, കുട്ടികൾ ഹരിത സഭയിൽ പങ്കെടുത്തു.

**കൂട്ടിക്കൽ**

വീടുകളിൽ ജൈവ മാലിന്യ സംസ്കരണത്തിനായി ജീബിന്നുകൾ വിതരണം നടത്തിയിട്ടുണ്ട്. മാലിന്യക്കൂനകൾ നീക്കം ചെയ്തിട്ടുണ്ട്. സ്നേഹാരാമം പദ്ധതി നടപ്പാക്കി. കുട്ടികളുടെ ഹരിതസഭ നടത്തി. വാർഡ് തലത്തിലും പഞ്ചായത്ത് തലത്തിലും ശുചിത്വ കൺവൻഷനുകൾ നടത്തി.

**പൂഞ്ഞാർ തെക്കേക്കര**

നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെ സംഭരണവും, വിപണനവും നിയന്ത്രിച്ചു.

**മുണ്ടക്കയം**
മാലിന്യക്കൂനകൾ നീക്കം ചെയ്തിട്ടുണ്ട്. സ്നേഹാരാമം പദ്ധതി നടപ്പാക്കി. കുട്ടികളുടെ ഹരിതസഭ നടത്തി. വാർഡ് തലത്തിലും പഞ്ചായത്ത് തലത്തിലും ശുചിത്വ കൺവൻഷനുകൾ നടത്തി.

**പാറത്തോട്**
വീടുകളിൽ ജൈവ മാലിന്യ സംസ്കരണത്തിനായി ജി-ബിന്നുകൾ വിതരണം നടത്തി വരുന്നു. ഈവർഷം മുഴുവൻ വീടുകൾക്കും നല്കുന്നതിനു സാധിക്കും. പൊതു സ്ഥലങ്ങളിലെ മാലിന്യക്കൂനകൾ നീക്കം ചെയ്യുകയും, മാലിന്യം വലിച്ചെറിഞ്ഞവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഹരിതകർമ്മസേന മുഖാന്തിരം ബോധവല്കരണ സ്കിറ്റ് അവതരിപ്പിച്ചു പ്രചരണം നടത്തി. ഹരിതകർമ്മസേനയുടെ കളക്ഷൻ 90 ശതമാനത്തിലേറെയാക്കാൻ കഴിഞ്ഞു. എം.സി.എഫിന്റെയും ഹരിതകർമ്മസേനയുടെയും മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കായി മതിയായ തുക വകയിരുത്തി പ്രോജക്ടുകൾ ഏറ്റെടുത്തു നടപ്പാക്കി വരുന്നു.

**പൂഞ്ഞാർ**
വീടുകളിൽ ജൈവ മാലിന്യ സംസ്കരണത്തിനായി മുൻ വർഷങ്ങളിൽ ബിന്നുകൾ വിതരണം നടത്തിയിട്ടുണ്ട്. മാലിന്യക്കൂനകൾ നീക്കം ചെയ്തിട്ടുണ്ട്. സ്നേഹാരാമം പദ്ധതി നടപ്പാക്കി. കുട്ടികളുടെ ഹരിതസഭ നടത്തി. വാർഡ് തലത്തിലും പഞ്ചായത്ത് തലത്തിലും ശുചിത്വ കൺവൻഷനുകൾ നടത്തി. വൻ ജനപങ്കാളിത്തത്തോടെ ക്യാമ്പയിൻ ആയി ചെരുപ്പ്,ബാഗ്,ചില്ലുകൾ എന്നിവ ശേഖരിച്ചു ക്ലീൻ കേരള കമ്പനിക്ക് കൈമാറി .

**കോരുത്തോട്**
മാലിന്യ മുക്ത നവകേരളം ക്യാമ്പയിന്റെ ആദ്യ ഘട്ടത്തിൽ വാർഡുകളിൽ അൻപതു വീടുകൾ ചേർത്ത് ക്ലസ്റ്റർ മീറ്റിംഗുകൾ സംഘടിപ്പിച്ചു. വീടുകളും സ്ഥാപനങ്ങളും ഹരിതകർമ്മ സേന കരാറുകളിൽ ഏർപ്പെട്ടു. പൊതു ഇടങ്ങളിലും റോഡരികിലും വലിച്ചെറിയപ്പെട്ടതിനാൽ രൂപപ്പെട്ട മാലിന്യ കൂമ്പാരങ്ങൾ നീക്കം ചെയ്തു. ജലാശയങ്ങൾ വൃത്തിയാക്കി. എല്ലാ അയൽക്കൂട്ടങ്ങളിലും സീറോ വേസ്റ്റ് ഡേ ആചരിച്ചു. ബാലസഭ ഓക്സിലറി ഗ്രൂപ്പ് ഹരിതകർമ്മ സേന അംഗങ്ങളെ പങ്കെടുപ്പിച്ചു കൊണ്ട് എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ബോധവൽക്കരണം നടത്തി. ഉറവിട മാലിന്യ സംസ്കരണ സംവിധാനം ഇല്ലാത്ത കുടുംബങ്ങളെ കണ്ടെത്തി വാർഡ് പഞ്ചായത്ത് തലത്തിൽ കൺവെൻഷനുകൾ സംഘടിപ്പിച്ചു. ഒന്നാം ഘട്ടം പൂർത്തിയാക്കി പൊതു ഓഡിറ്റിംഗ് നടത്തി.

**തീക്കോയി**

മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെഫലമായി നിഷ്ക്രിയമായി കിടന്ന പല വാർഡുകളേയും പ്രവർത്തനനിരതമാക്കുന്നതിന് മാലിന്യ നിർമ്മാർജ്ജനത്തേക്കുറിച്ച് വാർഡ്തലത്തിൽ ഒരു അവബോധം സൃഷ്ടിക്കുന്നതിനും ഇതുവരെ കഴിഞ്ഞിട്ടുണ്ട്. വാർഡ് തലത്തിൽ ഹരിത കർമ്മസേന അംഗങ്ങൾ, ആശാ വർക്കർമാർ, ആരോഗ്യ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി ആരോഗ്യ ജാഗ്രതാ സമിതി രൂപീകരിച്ചു. മഴക്കാല പൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട് ഈ സമിതിയുടെ പ്രവർത്തനം മുമ്പില്ലാത്ത വിധം കാര്യക്ഷമമായി. മാലിന്യ പരിപാലനം വാർഡ്തലത്തിൽ ഏകോപിപ്പിക്കുന്നതിനാവശ്യമായ അവബോധത്തിന് എല്ലാ വാർഡ് മെമ്പർമാരും

സമയബന്ധിതമായി ഭവനസന്ദർശനം പൂർത്തീകരിച്ചത് മികവാർന്ന ഒരു കാര്യം തന്നെയാണ്. ഉറവിട മാലിന്യ സംസ്കരണ സംവിധാനം നടത്താത്ത വീട്ടുകൾ കണ്ടെത്തി ടി വിവരം പോർട്ടലിൽ അപ്ലോഡ് ചെയ്യുന്നതിനും സമയബന്ധിതമായി ടി പ്രവർത്തി പൂർത്തീകരിക്കുന്നതിനും സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വേ നടത്തിയ സമയത്ത് ആൾത്താമസമുള്ള 2239 വീടുകളും 181 വാണിജ്യ സ്ഥാപനങ്ങളുമുള്ള വിവരം സമയബന്ധിതമായി വാർഡ്തലത്തിൽ നിയോഗിക്കപ്പെട്ടിട്ടുള്ള അംഗങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് നിലവിൽ പഞ്ചായത്തിൽ 23 ഹരിതകർമ്മ സേനാംഗങ്ങൾ ഉണ്ട്. മഴക്കാലപൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട് പൊതുസ്ഥലങ്ങളിലും നിർമ്മാണ പ്രവർത്തികൾ നടക്കുന്ന സ്ഥലങ്ങളിലും മറ്റ് പ്രധാന മേഖലകളിലുമുള്ള കൊതുകുകളുടെ ഉറവിടം പൂർണ്ണമായും നശിപ്പിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന മീനച്ചിലാറിന്റെ ഭാഗം പൂർണ്ണമായും മാലിന്യമുക്തമാക്കി തടയണ നിർമ്മിക്കുന്ന പദ്ധതി എം.ജി.എൻ.ആർ.ജി.എസ് ന്റെ നേതൃത്വത്തിൽ നടന്നു വരുന്നു. കൂടാതെ പഞ്ചായത്തിലെ തോടുകളും നീർച്ചാലുകളും മാലിന്യമുക്തമാക്കി ഒഴുക്ക് സുഗമമാക്കിയിട്ടുണ്ട്. മറ്റ് പഞ്ചായത്തുകളെ അപേക്ഷിച്ച് തീക്കോയി ഗ്രാമപഞ്ചായത്തിൽ അജൈവ മാലിന്യങ്ങൾ കുറവായതിനാലും ഇടുക്കിയോട് ചേർന്നു കിടക്കുന്ന പഞ്ചായത്തായതിനാലും ജനവാസം വളരെ കുറവായതിനാൽ രാത്രികാലങ്ങളിൽ മറ്റ് പഞ്ചായത്ത്/മുനസിപ്പാലിറ്റി/ജില്ലകളിൽ നിന്നും മാലിന്യങ്ങൾ വാഹനമാർഗം തള്ളുന്നതാണ് ഏറ്റവും വലിയ പ്രതിസന്ധി. വാർഡ് മെമ്പർമാരുടേയും സന്നദ്ധ പ്രവർത്തകരുടേയും നേതൃത്വത്തിലുള്ള നൈറ്റ് സ്ക്വാഡിന്റെയും ഹരിത കർമ്മസേനാംഗങ്ങളുടേയും പ്രവർത്തനഫലമായി വിജനപ്രദേശത്ത് തള്ളപ്പെട്ട മാലിന്യങ്ങൾ തിരിച്ചെടുപ്പിക്കുകയും 18000/- രൂപ പിഴയിനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്.തീക്കോയി ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലാണ് വാഗമൺ വിനോദ സഞ്ചാര കേന്ദ്രത്തിന്റെ ഒരു ഭാഗം സ്ഥിതി ചെയ്യുന്നത്. പ്രകൃതി രമണീയത ആസ്വദിക്കാൻ എത്തുന്ന വിനോദസഞ്ചാരികളുടെ ഒരു ഇടത്താവളമാണ് പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന വഴിക്കടവ് എന്ന ഭാഗം. ഇവിടെ വിശ്രമിക്കുന്ന വിനോദസഞ്ചാരികൾ ഭക്ഷണാവശിഷ്ടങ്ങളും കുപ്പികളും പേപ്പർ പാത്രങ്ങളും കൊക്കയിലേക്ക് വലിച്ചെറിയുന്നത് കാരണം ചെറിയ തരത്തിലുള്ള മാലിന്യ കൂമ്പാരം അവിടെ രൂപപ്പെട്ടിട്ടുണ്ട്. ഈ മാലിന്യ കൂമ്പാരങ്ങൾ നീക്കം ചെയ്യുന്നതിന് സാധിക്കുകയില്ല. അഗാധ താഴ്ചയുള്ള ഈ സ്ഥലത്തേക്ക് ഇറങ്ങി വൃത്തിയാക്കുന്നതിന് നിർവ്വാഹമില്ല. ഇത്തരത്തിലുള്ള വലിച്ചെറിയൽ ഒഴിവാക്കുന്നതിനായി നെറ്റ് ഫെൻസ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 4 ലക്ഷത്തോളം തുക വേണ്ടി വരുന്ന ഈ ബൃഹത് പദ്ധതിക്ക് തനത് ഫണ്ട് താരതമ്യേന കുറവായിട്ടുള്ള പഞ്ചായത്തിൽ ഈ പദ്ധതി നടപ്പിൽ വരുന്നതിന് ചെലവ് വഹിക്കാൻ സാധിക്കാത്തതിനാൽ എസ്റ്റിമേറ്റ് ശുചിത്വ മിഷന് സമർപ്പിച്ചിട്ടുണ്ട്. ഒന്നാം ഘട്ടപ്രവർത്തനത്തിൽ ഉൾപ്പെട്ട മാലിന്യം ഉറവിടത്തിൽ തന്നെ തരം തിരിക്കൽ, പുതുതായി ചേർന്ന ഹരിത കർമ്മസേന അംഗങ്ങൾക്കുള്ള പരിശീലനം , അജൈവ മാലിന്യത്തിന് വാതിൽപ്പടിസേവനം, ഗാർഹിക മാലിന്യസംസ്കരണ സംവിധാനം നടപ്പിലാക്കൽ , എംസിഎഫ് അടിസ്ഥാന സൗകര്യങ്ങൾ, സർക്കാർ ആഫീസ് ശുചീകരണം, മാലിന്യ നിക്ഷേപം, പൊതുഇടങ്ങൾ വൃത്തിയാക്കൽ ,സ്വകാര്യ ഭൂമിയിലെ മാലിന്യങ്ങൾ വൃത്തിയാക്കൽ, മഴക്കാലപൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടങ്ങിയവ ഒന്നാം ഘട്ടത്തിൽ തന്നെ പൂർത്തിയായിട്ടുണ്ട്.

**തിടനാട്**

ജൈവ,അജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുന്നത് സംബന്ധിച്ച് ബോധവൽക്കരണം നടത്തി. ഹരിതകർമ്മസേനയുടെ കവറേജും, യൂസർ ഫീ കളക്ഷനും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു. പഞ്ചായത്ത് പ്രദേശത്ത് എല്ലാ വർഡുകളിലും ശുചീകരണ പ്രവൃത്തികൾ നടത്തി. എം.സി.എഫിന്റെ സംഭരണ ശേഷി വർദ്ധിപ്പിച്ചു, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി. ക്ലീൻ കേരള കമ്പനിക്ക് മാലിന്യം കൈമാറി. മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനായി വിവിധ പദ്ധതികൾ ഏറ്റെടുത്തു.

**ഈരാറ്റുപേട്ട നഗരസഭ**

മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി മാർച്ച് മാസത്തിൽ വാർഡുതല യോഗം നടത്തി. ജൂൺ 5-ാം തീയതി ഹരിതസഭ നടത്തി.
26/07/2023 - ജനകീയ ഓഡിറ്റ് പൊതുസഭ ഈരാറ്റുപേട്ട വ്യാപാരഭവനിൽ വെച്ച് നടത്തപ്പെട്ടു.
12/09/2023 - ഹരിതകർമ്മ സേനാംഗങ്ങൾക്ക് അജൈവ മാലിന്യം വേർതിരിക്കുന്നതിനുള്ള പരിശീലന ക്ലാസ് വ്യാപാരഭവനിൽ വെച്ച് നടത്തപ്പെട്ടു.
15/09/2023 - മാലിന്യ മുക്തം നവകേരളം ഐ എസ് എൽ ഭാഗമായി ലോഗോ പ്രകാശനവും പതാക ഉയർത്തലും ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ നടന്നു.
18/09/2023 -മാലിന്യ മുക്തം നവകേരളം ഐ എസ് എൽ ഭാഗമായി സെൻട്രൽ ജംഗ്ഷനിൽ ഹരിത ഓഡിറ്റ് പുസ്തക പ്രകാശനവും വലിച്ചെറിയൽ മുക്ത സന്ദേശവും ഒറ്റത്തവണ പ്ലാസ്റ്റിക് നിരോധന ബോധവത്കരണ സന്ദേശവും നൽകുന്നതിനായി വൃത്തിക്ക് ഒരു കയ്യൊപ്പ്, സെൽഫി പോയിന്റ് , സെന്റെ ജോർജ് കോളേജ് അരുവിത്തറയുടെ ഫ്ലാഷ് മോബ് എന്നിവ നടത്തപ്പെട്ടു.
19/08/2023 - മാലിന്യ മുക്തം നവകേരളം ഐ എസ് എൽ ഭാഗമായി യുവജനങ്ങളെ അണിനിരത്തി മാലിന്യമുക്ത സന്ദേശം നൽകി. ബഹുജനറാലി സംഘടിപ്പിച്ചു. ഒപ്പം തന്നെ മാലിന്യമുക്ത അനൗൺസ്മെൻറ് നഗരസഭയിൽ ഉടനീളം നടത്തി. മാലിന്യമുക്ത പ്രതിജ്ഞ റാലിയിൽ പങ്കെടുത്തവർ കൈക്കൊണ്ടു. മാലിന്യമുക്ത സന്ദേശം നൽകി. വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഫ്ലാഷ് മോബ് സംഘടിപ്പിച്ചു.

കൂടാതെ ഐ എസ് എൽ അംബാസ്സഡോർ അസ്ന ഖാൻന്റെ നേതൃത്വത്തിൽ 111 വിദ്യാർഥിനികൾ മാലിന്യമുക്ത സന്ദേശ ഗാനം ആലപിച്ചു . കുട്ടികളുടെ മാലിന്യമുക്ത പ്രസംഗവും സംഘടിപ്പിച്ചു തുടർന്ന് മാലിന്യമുക്ത ബോധവത്കരണ പരിപാടി സെൻട്രൽ ജംഗ്ഷനിൽ വെച്ച് നടന്നു. തുടർന്ന് പൊതുജനങ്ങൾക്കായി മാതൃക ഹരിത ഭവനം പ്രദർശനവും നടന്നു.
25/09/2023 - പൂഞ്ഞാർ നിയോജകമണ്ഡലതല മാലിന്യ മുക്തം നവകേരളം കൺവെൻഷൻ ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു.
ഹരിത കർമ്മ സേനയുടെ പരിശീലന പരിപാടി മുനിസിപ്പൽ കൗൺസിൽ ഹാളിൽ വെച്ച് നടന്നു.
29/09/2023 - മാലിന്യ മുക്തം നവകേരളം ഐ എസ് എൽ ഭാഗമായി ശുചീകരണ തൊഴിലാളികൾക്ക് വേണ്ടി മെഡിക്കൽ ക്യാമ്പ് വ്യാപാരഭവനിൽ വെച്ച് നടന്നു മാലിന്യ മുക്തം നവകേരളം ഈരാറ്റുപേട്ട നഗരസഭാതല കൺവെൻഷൻ വ്യാപാരഭവനിൽ വെച്ച് നടത്തപ്പെട്ടു തുടർന്ന് മാലിന്യമുക്ത പ്രതിജ്ഞയും കൈക്കൊണ്ടു
01/10/2023 - മാലിന്യ മുക്തം നവകേരളം സ്വച്ച് ശ്രമദാൻ ക്യാമ്പയിനുകളുടെ ഭാഗമായി നഗരസഭയിലെ 28 വാർഡുകളിലെ 56 ഇടങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നു.
02/10/2023 - മാലിന്യ മുക്തം നവകേരളം ക്യാമ്പയിൻനിന്റെ ഭാഗമായി ഗവൺമെന്റെ പി എച്ച് സിയിലും സമീപപ്രദേശങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ നടത്തി
04/10/2023 - സ്നേഹാരാമം പദ്ധതിയുടെ ആദ്യ യോഗം ഈരാറ്റുപേട്ട ചെയർപേഴ്സണിന്റ നേതൃത്വത്തിൽ മുനിസിപ്പൽ കൗൺസിൽ ഹാളിൽ നടന്നു.
18/10/2023 - സ്വച്ഛതാ ഹി സേവയുടെ ഭാഗമായി ഓഡിറ്റോറിയത്തിൽ ബോധവത്കരണ പരിപാടി നടന്നു.
25/10/2023 - ഹരിത കർമ്മ സേന അംഗങ്ങളുടെയും എൻഎസ്എസ് വോളണ്ടിയർമാരുടെയും നേതൃത്വത്തിൽ വാർഡുകളിൽ പാഴ്വസ്തു ശേഖരണം സംഘടിപ്പിച്ചു
02/11/2023 - ഹരിത കർമ്മ സേന അവലോകന മീറ്റിംഗ് കൗൺസിൽ ഹാളിൽ നടന്നു.
06/11/2023 - സ്നേഹാരാമത്തിന്റെയും കുട്ടികളുടെ ഹരിതസഭയുടെയും മീറ്റിംഗ് കൗൺസിൽ ഹാളിൽ നടന്നു.

06/11/2023- ഹരിത പ്രോട്ടോകോൾ പാലിച്ച് ഈരാറ്റുപേട്ട സബ് ജില്ലാ കലോത്സവം മുസ്ലിം ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിൽ 6 മുതൽ 9 വരെ തീയതികളിൽ നടന്നു.

10/11/2023 - മാലിന്യ മുക്തം നവകേരളം കുട്ടികളുടെ ഹരിതസഭ എന്നിവയുമായി ബന്ധപ്പെട്ട നഗരസഭയിലെ എല്ലാ വിദ്യാലയങ്ങളിലും തദ്ദേശസ്വയംഭരണ പ്രതിനിധികൾ ബോധവൽക്കരണ ക്ലാസുകൾ നടത്തി

ഹരിത കർമ്മ സേനയുടെ പരിശീലനം പരിപാടി മുനിസിപ്പൽ കൗൺസിൽ ഹാളിൽ വെച്ച് നടന്നു.